**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 651**

**07.01.2014-ലെ മറുപടിയ്ക്ക്**

# കേരള സംസ്ഥാന ഡിറ്റർജന്റ് ആന്റ് കെമിക്കൽസിലെ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ.

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) കേരള സംസ്ഥാന ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് എന്ന സ്ഥാപനം നിർത്തലാക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ; | എ) 05.10.2002-ലെ സർക്കാർ ഉത്തരവ് G.O.(MS)100/02/ID പ്രകാരം കേരള സംസ്ഥാന ഡിറ്റർജന്റ് ആന്റ് കെമിക്കൽസ് എന്ന പൊതുമേഖലാ സ്ഥാപനം പ്രവർത്തനം നിർത്തിവച്ചു. |
| ബി) പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾക്ക് വി.ആർ.എസ്. നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നുവോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ എത്ര ഘട്ടമായിട്ടാണ് ഇത് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | ബി) വി.ആർ.എസ് പാക്കേജ് 2 ഘട്ടങ്ങളിലായിട്ടാണ് കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ് എന്ന സ്ഥാപനത്തിൽ നടപ്പിലാക്കിയത്. ഒന്നാം ഘട്ടമായി 05.01.2004-ലെ സർക്കാർ ഉത്തരവ് G.O.(Rt) No. 967/2004/ID പ്രകാരം പ്രവർത്തനം നിലച്ച പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ Social Safety Net Programme (SSNP) പ്രകാരവും 10.08.2009-ലെ സർക്കാർ ഉത്തരവ് G.O.(Rt) No. 99/2009/ID പ്രകാരം മേൽസൂചിപ്പിച്ച SSNP പ്രകാരം രണ്ടാംഘട്ട വി.ആർ.എസും നടപ്പിലാക്കുകയുണ്ടായി. |
| സി) 2006-ൽ വി.ആർ.എസ്. നടപ്പിലാക്കിയതിനുശേഷം പ്രസ്തുത സ്ഥാപനത്തിൽ മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയോ; വിശദമാക്കുമോ;<br>ഡി) ഏതുവർഷം മുതലാണ് ശമ്പള പരിഷ്കരണത്തിന് മുൻകാല പ്രാബല്യം നൽകിയതെന്ന് വ്യക്തമാക്കുമോ;<br>ഇ) പ്രസ്തുത ശമ്പള പരിഷ്കരണ ആനുകൂല്യത്തിന് 2006-ൽ വി.ആർ.എസ് എടുത്തവർക്ക് അർഹതയുണ്ടോ; | (സി ), (ഡി), (ഇ)<br>ഇല്ല. എന്നാൽ സമഗ്രമായ ഒരു വി.ആർ.എസ് പാക്കേജിൽ കമ്പനിയുടെ ബാക്കി തൊഴിലാളികളെയും ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭിക്കുന്ന രീതിയിലാണ് നടപ്പിലാക്കിയിട്ടുള്ളത്. |

എഫ്) പ്രസ്തുത ജീവനക്കാർക്ക് അർഹമായ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എഫ്) ഒന്നാംഘട്ട വി.ആർ.എസ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള ആനുകൂല്യം ലഭിച്ച തൊഴിലാളികൾ രണ്ടാംഘട്ട വി.ആർ.എസ് പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അപേക്ഷിച്ചിരുന്നു. സർക്കാർ ഈ വിഷയം പരിഗണിയ്ക്കുകയുണ്ടായി.

കേരള സംസ്ഥാന ഡിറ്റർജന്റ് ആന്റ് കെമിക്കൽസിന്റെ ബാധ്യതകൾ തീർപ്പാക്കിയാണ് ടി സ്ഥലം കിൻഫ്രയ്ക്ക് വ്യവസായ പാർക്ക് നിർമ്മിക്കുന്നതിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കാൻ നിലവിൽ കമ്പനിയുടെയോ സർക്കാരിന്റെയോ പക്കൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ടി അപേക്ഷ നിരസിക്കുകയാണുണ്ടായത്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്